# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1387     13.07.2016 -ൽ മറുപടിക്ക്

## പി.എസ്.സി യിൽ ഇ-ഗവേണൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പി.എസ്.സി യിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ലഭ്യമാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) യും (ബി) യും<br>പി.എസ്.സിയിൽ ഇ-ഗവേണൻസ് നടപ്പിലാക്കുവാനായി ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം, e-vacancy റിപ്പോർട്ടിംഗ് സംവിധാനം, ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് രജിസ്ട്രേഷൻ സംവിധാനം, ഓൺലൈൻ പരീക്ഷാ സംവിധാനം എന്നീ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>പി.എസ്.സി ഉദ്യോഗാർത്ഥികൾക്കായി ഒരുക്കിയിട്ടുള്ള ഏകജാലക സംവിധാനമായ ഒറ്റത്തവണ രജിസ്ട്രേഷൻ (തുളസി) സംവിധാനത്തിലൂടെ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സിയിൽ രജിസ്റ്റർ ചെയ്യുന്നതിനും അതിൽ ലോഗിൻ ചെയ്ത് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ, വിജ്ഞാപനം ചെയ്തിട്ടുള്ള വിവിധ തസ്തികകൾക്ക് അപേക്ഷ അയക്കുവാനും സാധിക്കുന്നു. നിലവിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ സ്റ്റാറ്റസ് പരിശോധിക്കുന്നതിനും പരീക്ഷകളുടെ അഡ്മിഷൻ ടിക്കറ്റ്, ഇന്റർവ്യൂ മെമ്മോ തുടങ്ങിയവ ഓൺലൈനായി ഡൗൺലോഡ് ചെയ്ത് പരീക്ഷകൾക്ക് ഹാജരാകുവാനും സാധിക്കുന്നു. പ്രസ്തുത രജിസ്ട്രേഷൻ സംവിധാനത്തിലൂടെ ആവശ്യഘട്ടങ്ങളിൽ ഉദ്യോഗസ്ഥർക്ക് ഉദ്യോഗാർത്ഥികളുമായി ബന്ധപ്പെടുവാൻ രജിസ്ട്രേഷൻ പ്രൊഫൈലിൽ അറിയിപ്പ് നല്കുന്നതിനും mobile sms alert നല്കുന്നതിനും സാധിക്കുന്നു. ഉദ്യോഗസ്ഥർക്ക് നിയമന പ്രക്രിയ വേഗത്തിലും കൃത്യതയോടെയും നിർവ്വഹിക്കുവാൻ ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. |

e-vacancy റിപ്പോർട്ടിംഗ് സംവിധാനത്തിലൂടെ വിവിധ ഡിപ്പാർട്ടുമെന്റ് മേധാവികൾക്ക് പി.എസ്.സി യുടെ സൈറ്റിൽ ലോഗിൻ ചെയ്ത് ഓൺലൈനായി വേക്കൻസി റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുന്നു.

ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് രജിസ്ട്രേഷൻ സംവിധാനം ഉപയോഗിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിയമിതരായ ഉദ്യോഗസ്ഥർക്ക് പി.എസ്.സി യിൽ രജിസ്റ്റർ ചെയ്യുവാനും ഡിപ്പാർട്ട്മെന്റ് പരീക്ഷയ്ക്കായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുവാനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയുവാനും അഡ്മിഷൻ ടിക്കറ്റ് ഡൗൺ ലോഡ് ചെയ്ത് പരീക്ഷ എഴുതി ഫലം അറിയുവാനും സാധിക്കുന്നു. സർട്ടിഫിക്കറ്റിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യവുമുണ്ട്.

തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെട്ട തസ്തികകൾക്ക് ഓൺ ലൈനായി പരീക്ഷകൾ നടത്തുന്നതിനും വേഗത്തിൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും സാധിക്കുന്നു.

(സി) പി.എസ്.സി വഴിയുള്ള നിയമനങ്ങൾ നടത്തുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് വേണ്ട വിവരങ്ങൾ ലഭ്യമാക്കാൻ ഇത് വഴി സൗകര്യം ലഭിക്കുമോയെന്ന് വിശദമാക്കാമോ?

(സി) പി.എസ്.സി വഴിയുള്ള നിയമനങ്ങൾ നടത്തുമ്പോൾ ഉദ്യോഗാർത്ഥികൾക്കുവേണ്ട വിവരങ്ങൾ അവരുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈലിൽ അറിയിപ്പായും, മൊബൈൽ വഴി sms alert ആയും ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in യിലൂടെ ലഭ്യമാക്കുവാനുമുള്ള സൗകര്യം നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**